# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 820** **02.12.2015 ലെ മറുപടിക്ക്**

## സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്വാശ്രയ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ പഠനത്തിന് വിദ്യാർത്ഥികളെ ചേർക്കാൻ അനുവാദം നൽകേണ്ടത് സർക്കാരാണോ ; | (എ) അതെ. |
| (ബി) എങ്കിൽ പെർമിറ്റഡ് സീറ്റുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ കോഴ്സും പരീക്ഷയും പൂർത്തിയാക്കി കഴിഞ്ഞാലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ കോഴ്സിന് അംഗീകാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |

(സി) ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് പ്രസ്തുത ബിരുദ കോഴ്സ് പഠിച്ച് ജയിച്ചു വരുന്ന മെഡിക്കൽ പി.ജി ബിരുദധാരികൾക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11 (1) വകുപ്പു പ്രകാരം ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള, ഇന്ത്യയിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയോ മെഡിക്കൽ സ്ഥാപനമോ നൽകുന്ന യോഗ്യതകളാണ് അംഗീകൃത യോഗ്യതകൾ ആയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ 15-ാം വകുപ്പു പ്രകാരം ഇത്തരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കാറുണ്ട്. പ്രസ്തുത നിയമത്തിന്റെ 11 (2)-ാം വകുപ്പു പ്രകാരം ഇത്തരത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷന് അർഹതയുണ്ട്.

(ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് ജയിച്ചുവരുന്നവർക്ക് രജിസ്ട്രേഷൻ നൽകുകയും സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പഠിച്ചവർക്ക് അത് നൽകാതിരിക്കുകയും ചെയ്യുന്നത് നീതിയാണോ ;

(ഡി) രജിസ്ട്രേഷൻ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ സ്ഥാപനമെന്നോ സ്വാശ്രയ സ്ഥാപന മെന്നോ ഉള്ള വിവേചനം നിലവിലില്ല. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 10A അനുശാസിക്കുന്ന വിധമുള്ള അനുവാദം എല്ലാ സ്ഥാപനവും നേടിയിരിക്കേണ്ടത് അനിവാര്യമാണ്.

(ഇ) മെഡിക്കൽ കൗൺസിൽ അംഗീകാരം, പെർമിറ്റഡ് സീറ്റ് എന്നിവ ഇല്ലാത്ത ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് മെഡിക്കൽ ബിരുദം നേടുന്നവർക്ക് പോലും രജിസ്ട്രേഷൻ നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും ചൈന,റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നേടുന്നതുമായ യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിച്ചു മാത്രമാണ്.

| | |
|---|---|
| (എഫ്) കേരള സർക്കാരിന്റെ അനുമതിയോടു കൂടി സർക്കാർ ക്വാട്ടയിൽ തന്നെ വിവിധ മെഡിക്കൽ കോളേജുകളിൽ പഠിച്ച് ജയിച്ച ശേഷം ആരോഗ്യ സർവ്വകലാ ശാലയുടെ ബിരുദം ലഭിച്ച കുട്ടികൾക്ക് രജിസ്ട്രേഷൻ നിഷേധിക്കുന്ന നടപടി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എഫ്) ചില പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇക്കാര്യം കൗൺസിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. |
| (ജി) ആരോഗ്യ സർവ്വകലാശാലയിൽനിന്ന് ബിരുദം, ബിരുദാനന്തരബിരുദം എന്നിവ സമ്പാദിച്ച എല്ലാവർക്കും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11 (2) വകുപ്പു പ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ യോഗ്യതകൾക്കും ട്രാവൻകുർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. (എഫ്) ൽ പരാമർശിച്ചിട്ടുള്ള കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ